**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: **4273** — **17.05.2017 - ൽ** മറുപടിയ്ക്ക്

**പെമ്പിളൈ ഒരുമൈ പ്രവർത്തകരുടെ സമരപ്പന്തൽ പൊളിച്ചുനീക്കുവാൻ ശ്രമം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, ഹൈബി ഈഡൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, എൽദോസ് കുന്നപ്പിള്ളി** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പെമ്പിളൈ ഒരുമൈ പ്രവർത്തകർ നിരാഹാര സമരം ഇരിക്കുന്ന മൂന്നാറിലെ സമരപ്പന്തൽ പൊളിച്ചുനീക്കുവാൻ 27.04.2017-ൽ ശ്രമമുണ്ടായോ;<br><br>(ബി) ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട പ്രവർത്തകരാണ് പന്തൽ പൊളിക്കുന്നതിന് ശ്രമിച്ചതെന്നും അവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തതെന്നും വെളിപ്പെടുത്തുമോ; | (എ) & (ബി) പെമ്പിളൈ ഒരുമൈ സമരത്തോടൊപ്പം സത്യാഗ്രഹസമരം നടത്തിവന്നിരുന്ന എ.എ.പി. പ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും, സമരപന്തൽ പൊളിക്കാൻ ശ്രമിച്ചുവെന്നും കാണിച്ച് എ.എ.പി. പ്രവർത്തകയായ റാണി ആന്റോയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം 513/17 U/s 143, 147, 294(b), 506(1), 324, 427 r/w 149 IPC പ്രകാരം കണ്ടാലറിയാവുന്ന ഇരുപതോളം ആളുകൾക്കെതിരെ കേസ്സ് എടുത്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് സമാധാനപരമായി സംഘടിക്കുവാനും സമരം നടത്തുവാനുമുള്ള അവകാശം നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ